## ഒരു പ്രളയ കഥ

തൂശനില ഇടത്തോട്ട് തുമ്പിട്ട്, തുമ്പത്തു തുടങ്ങി പഴം, ഉപ്പേരി, ശർക്കര വരട്ടി, അവകൾ മൂന്നും മൂടി ഒരു പപ്പടം വച്ച്, മൂന്നുകൂട്ടം തൊടുകറികൾ, പച്ചടി, കിച്ചടി, ഓലൻ, തോരൻ, കൂട്ടുകറി, അവിയൽ വിളമ്പിയാൽ ഊണു തുടങ്ങാം. തുമ്പപ്പൂ പോലുള്ള ചോറു വേണ്ട, തവിട് അധികം കളയാത്ത കുത്തരിച്ചോറു വിളമ്പി, ഉപ്പ് കൂടുതൽ ചേർത്ത് പാകം ചെയ്ത പരിപ്പ് കറിയൊഴിച്ച് നെയ്യ് ചേർത്ത് ചെറിയ ഉരുളകളാക്കിയാണ് തുടങ്ങേണ്ടത്. മൂന്നല്ലെങ്കിൽ നാല് ഉരുളകളാകാം. ഈപ്രായത്തിൽ അത്രയേ കഴിയൂ..... ഉരുക്കു നെയ്യിന്റെ സ്വാദ് പൂർണ്ണമായും നുണഞ്ഞിറക്കി കഴിഞ്ഞ് നാലുരുളകൾക്കുള്ള ചോറ് കൂട്ടത്തിൽ നിന്ന് നീക്കി വച്ച് സാമ്പാർ ഒഴിക്കാം. നെയ്യിന്റെ സ്വാദിൽ മറ്റ് കൂട്ടാനുകൾ മറന്നിട്ടുണ്ടെങ്കിൽ അവിയൽ മുതൽ കഴിച്ചു തുടങ്ങണം.... അവിയൽ, കൂട്ടുകറി.... കൂട്ടുകറിക്ക് ഉപ്പ് കൂടുതൽ ചേർത്തിട്ടുണ്ടെന്ന് കണ്ടാൽ ഓലൻ ചേർത്ത് കുറയ്ക്കാം. സാമ്പാർ കൂട്ടിയുണ്ണുമ്പോൾ ഒരു കറിയും വിട്ടുകളയരുത്. പച്ചടി കിച്ചടിയൊക്കെ ചിലപ്പോൾ പിണങ്ങും. ഇഞ്ചിക്കറി മറന്നാൽ ദഹനം കോപിക്കും. സാമ്പാർ ചേർത്തത് ഒരു പക്ഷെ, നാലുരുളകളിൽ കൂടുതൽ ഉണ്ടാകാം, കൃത്യമായിട്ട് അളന്നൊന്നുമല്ലല്ലോ എടുക്കുന്നത്, അതങ്ങ് കഴിക്കുക. ഇത്തിരി രസം കൈക്കുമ്പിളിൽ വാങ്ങി വലിച്ച് കുടിച്ച്, ഇലയിൽ വീഴുന്ന രസത്തിൽ കുഴച്ച് ലേശം ചോറു കൂടി ആകാം. രസം ദീപനത്തിനാണ്. അധികമാകരുത്, പായസത്തിനു ശേഷം മോരു കൂട്ടി അല്പം ചോറുകൂടി ഉണ്ണാനുള്ളതാണ്, അല്ലെങ്കിൽ തികട്ടി വരും. ഇപ്പോൾ ഇലയിലെ കറികൾ ഏതാണ്ട് തീർന്നിട്ടുണ്ടാകും. ഓ... പപ്പടം മറന്നു. അച്ചാറിൽ നാരങ്ങ മാത്രം തൊട്ടിട്ടില്ല. വേണ്ട തൊടണ്ട, പായസം ഉണ്ണുമ്പോൾ വേണ്ടി വരും. ബാക്കിയുള്ള ചോറ് ഇടത്തോട്ട് ഒതുക്കി വച്ച് പായസത്തിനുള്ള ഇടമുണ്ടാക്കണം. മറന്ന പപ്പടത്തെ അവിടെ പൊട്ടിച്ചിട്ട് അതിന് മുകളിൽ പായസം ഒഴിക്കാം... അധികം വേണ്ട ഒരു തവി. കൂടണ്ട, ഷുഗർ ഉണ്ട്. പായസത്തിന് മേമ്പൊടി പോലെ ഉപ്പേരിയും ശർക്കര വരട്ടിയും അകത്താക്കാം. മട്ടാതിരിക്കാൻ നാരങ്ങ അച്ചാർ ഇടക്കിടക്ക്

തൊട്ട് നാവിൽ പുരട്ടാൻ മറക്കരുത്.  ഒടുവിൽ നീക്കി വച്ചിരിക്കുന്ന ചോറിൽ ഇത്തിരി പച്ചമോര് ചേർത്ത് ഉണ്ടു കഴിഞ്ഞാൽ പഴം കൂടി തിന്നാം.  സുഭിക്ഷം. ഉറങ്ങിപ്പോകും.

അതും ഈ പറമ്പിലെ ഇല തന്നെ വേണം, തെക്കേ മൂലയിൽ നിൽക്കുന്ന ഞാലിപ്പൂവൻ വാഴയുടെ.  പറമ്പിൽ നിറയെ ഫലവൃക്ഷങ്ങളാണ്. നട്ടു വളർത്തിയത് അയാൾ തന്നെയാണ്.  മാവ്, പ്ലാവ്, തെങ്ങ്, പേര.....ഇടം തിരിച്ച് കപ്പ, ചേന, ചേമ്പ,് ഇഞ്ചി തുടങ്ങി നടുനനകളും........

ഈ പുഴയോരത്തായിരുന്നു അവന്റെ അച്ഛന്റെ, അയാളുടെ ജീവിതം. അച്ഛന്റെ മാത്രമല്ല, തലമുറകളായിട്ട് ഇവിടെത്തന്നെ ആയിരുന്നു.  അച്ഛൻ കൃഷി പണിക്കാരനായിരുന്നു, അച്ഛന്റെ അച്ഛനും മുൻ തലമുറകളും അങ്ങിനെ തന്നെയായിരുന്നു.  ആദിയിൽ പേരു വേണ്ടാത്ത ജന്മിയുടെ, പിന്നിട് അവരിൽ നിന്നും സ്ഥലങ്ങൾ വാങ്ങി സ്വന്തമാക്കിയ മുതലാളിയുടെ....... പാടത്തും പറമ്പിലും പണിയെടുത്ത് ജീവിച്ചിരുന്നവർ...... പുഴയോരത്ത് കുടികിടപ്പവകാശത്തിൽ കിട്ടിയതാണ് സ്ഥലം..... അവകാശികൾ പലരുമുണ്ടായിരുന്നു..... ജോലികൾ തേടിയും കിട്ടിയും അകന്നു പോയപ്പോൾ അവന്റെ അച്ഛന് സ്വന്തമായി.  കുടിൽ കെട്ടിത്തന്നെയാണ് അച്ഛൻ ജീവിതം തുടങ്ങിയത്, മക്കളെ വളർത്തിയത്.

അവന് സർക്കാർ ജോലി കിട്ടിയെന്നറിഞ്ഞപ്പോൾ അച്ഛൻ പറഞ്ഞ ആഗ്രഹമാണ് ഈ പുഴയോരത്ത് ഒരു വീട് വക്കണമെന്നത്.  ചുമ്മാ ഒരു വീടു പോരാ.... രണ്ടു നിലയുള്ള വാർക്ക വീട്, അതിന്റെ രണ്ടാമത്തെ നിലയിൽ വേണം അച്ഛനുള്ള മുറി.... മുറിയിൽ നിന്ന് പുറത്തിറങ്ങി ബാൽക്കണിയിൽ നിന്നാൽ പുഴ കാണണം.  അവിടെ നിന്ന് ഓർമ്മകളെ അയവിറക്കണം.  പുഴയിൽ ചൂണ്ടയിട്ട് മീൻ പിടിച്ചത്, കൂട്ടുകാരോടൊത്ത് നിറഞ്ഞു നിന്ന പുഴ നീന്തി കടന്നത്, നിറഞ്ഞൊഴുകവെ വെള്ളത്തോടൊപ്പം ഒഴുകി വരുന്ന തേങ്ങ, മാങ്ങ, പാത്രങ്ങൾ മറ്റു പലതും പിടിച്ചടുത്തിട്ടുള്ളത്.... അതിനു വേണ്ടിയെല്ലാം മത്സരിച്ചിട്ടുള്ളത്, വാഴത്തടകൊണ്ട് ചങ്ങാടമുണ്ടാക്കി തുഴഞ്ഞിട്ടുള്ളത്.....

പണ്ട് കുടിലിൽ പാർത്തിരുന്നപ്പോൾ എല്ലാ വർഷവും കർക്കിടകത്തിൽ പുഴ വളർന്ന് കുടിലിനെ തഴുകുന്നത് കണ്ടിട്ടുണ്ട്, അച്ഛനും മകനും.... ഒന്നോ രണ്ടോ ദിവസം അങ്ങിനെ നിന്നിട്ട് വലിഞ്ഞ്, വേനൽക്ക് ഒരു ചെറു നീർച്ചാലായി

തീരുന്നതും കണ്ടിട്ടുണ്ട്. വർഷത്തിൽ ഒരിക്കൽ വെള്ളം കയറിയിറങ്ങി പോകുന്നത് നല്ലതാണെന്ന് അച്ഛൻ പറഞ്ഞിട്ടുണ്ട്, എക്കൽ അടിയുന്നത് വളക്കൂറു കിട്ടാൻ..... ചിങ്ങമാകുമ്പോഴേക്കും തെങ്ങുകൾ കൂടുതൽ ഉന്മേഷത്തോടെ ചിരിച്ചു നിൽക്കുന്നത് കണ്ടിട്ടുണ്ട്, പിന്നീട് ഉണ്ടാകുന്ന കായക്കുലകൾ വലിപ്പം കൂടിയും......

ജോലി കിട്ടിയപ്പോൾ കായലോര പറമ്പിലെ വാസം മാറ്റേണ്ടി വന്നു, ഇരുപത് വർഷക്കാലം. അന്യ നാടുകളിലെ വാടകവീടുകളിൽ മാറി മാറി താമസ്സിച്ചു.... കൂടെ അച്ഛനുമമ്മയും ഉണ്ടായിരുന്നു.... ഇടയ്ക്ക് ഭാര്യ വന്നു, രണ്ടു മക്കൾ വന്നു. പക്ഷെ, നാലു വർഷം മുമ്പ് അമ്മ യാത്ര പറഞ്ഞു പോയി.... വടക്ക് ഒരു മുനിസിപ്പാലിറ്റിയിലെ ഇടലക്ട്രിക്കൽ ശ്മശാനത്തിൽ അമ്മയ്ക്ക് നിത്യ ഉറക്കത്തിന് ഇടമൊരുക്കി. അമ്മയൊരിക്കലും പറഞ്ഞിട്ടില്ല, സ്വന്തം മണ്ണിൽ അടക്കണമെന്ന്. പക്ഷെ, അമ്മ പിരിഞ്ഞ അന്ന് അച്ഛൻ ബന്ധുക്കളോട് പറഞ്ഞു, അയാൾക്ക് അച്ഛന്റെയും അമ്മയുടേയും കൂടെ അവസാനം കിടക്കണമെന്ന,് അതിന് കഴിയണമേയെന്ന് പ്രാർത്ഥിക്കുന്നതും കേട്ടു. പുഴയോര സ്ഥലത്ത് വീട് വച്ചു തുടങ്ങിയപ്പോൾ അച്ഛൻ അമിതമായി സന്തോഷിച്ചു... പണിക്ക് എന്തൊക്കെ വേണ്ടതെന്ന് അന്വേഷിച്ച് കണ്ടെത്തി, പണിയിക്കുന്നതിനായി ഓടി നടന്നു. ഒരു ദിവസം സ്ട്രോക്കുണ്ടായി, ഇടത് വശം തളർന്ന്, സംസാര ശേഷി ഇല്ലാതെ, കട്ടിലിൽ, മുകളിലേക്ക് തന്നെ നോക്കി കിടന്നു, ഏതാണ്ട് ഒരു വർഷക്കാലം..... അച്ഛന്റെ ബുദ്ധിമുട്ടുകൾക്ക് കൂടെ നിൽക്കുകയും പകർന്നെടുത്ത് അനുഭവനിക്കുകയും ചെയ്തത് കൊണ്ട് വീടു പണി നീണ്ടു നീണ്ടു പോയി. വീട് കേറിപ്പാർപ്പ് ചിങ്ങമാസം ഒന്നാം തിയതി ആയിരുന്നു. എല്ലാവരുടെയും നിർബന്ധത്തിന് വഴങ്ങി ഫ്രൈഡ്റൈസും ചിക്കനുമായിരുന്നു ഭക്ഷണം. അച്ഛന് അതിഷ്ടമായില്ല. സംസാരം എല്ലാമൊന്നും മനസ്സിലാക്കൻ കഴിഞ്ഞില്ലെങ്കിലും മുക്കലും മൂളലും കേട്ടാൽ, ആംഗ്യങ്ങൾ കണ്ടാൽ അവനും ഭാര്യയ്ക്കും പലതും തിരിഞ്ഞു തുടങ്ങി...... അങ്ങിനെ ഗ്രഹിച്ചതാണ്, ഇലയിൽ ഊണ്. ഓണം വരുന്നതല്ലേയൊള്ളൂ അന്നാകാമെന്ന് അവനും ഭാര്യയും അച്ഛനെ കഴിയും വിധത്തിൽ പറഞ്ഞു മനസ്സിലാക്കി. അത് അയാൾക്ക് മനസ്സിലായി, സന്തോഷിക്കുകയും ചെയ്തു.

അയാളുടെ ആഗ്രഹപ്രകാരം മുകളിലത്തെ നിലയിൽ തന്നെയാണയാൾക്ക് കിടക്കാൻ ഇടമൊരുക്കിയത്. മുകളിലേക്ക് നോക്കി കിടക്കാനേ

കഴിയുകയുള്ളൂവെങ്കിലും അവിടെ കിടന്നാൽ ശബ്ദങ്ങളിലൂടെ പുഴയെ കാണാൻ കഴിയുന്നുണ്ടെന്നും, കിളികളുടെ പാട്ടുകൾ കേൾക്കുമ്പോൾ പഴയകാലത്തേക്ക് മടങ്ങി പോകുന്നുണ്ടെന്നും അയാൾ പറയുമ്പോൾ അവനും ഭാര്യയും മക്കളും ഏറെ സന്തോഷിച്ചു. അയാളുടെ സന്തോഷം അവർക്കും സന്തോഷമാണെന്ന് അവർ അറിയുകയും ചെയ്യുന്നു. അവൻ അയാൾക്ക് വാക്കു കൊടുത്തു ഓണത്തിന് നല്ലൊരു സദ്യവയ്ക്കാമെന്ന്, അച്ഛൻ പറയുന്നതുപോലെ പതിനെട്ടു കൂട്ടം കറികളും പപ്പടം പഴം പായസവുമൊക്കെ ആയിട്ട്..... ഓണത്തിന് ഇനി കുറച്ച് ദിവസമല്ലേ ഉള്ളൂ എന്ന് അയാൾ മനക്കണക്ക് കൂട്ടുകയും ചെയ്തു.

പാതിര കഴിഞ്ഞ നേരത്ത് അവന്റെ ഭാര്യ അലറി വിളിച്ച് എഴുന്നേൽക്കുകയായിരുന്നു. അടുത്താണ് അവനും കിടന്നിരുന്നത്. കിടക്കാൻ നേരും നല്ല മഴയുണ്ടായിരുന്നു. തലേന്നാളും അതിന്റെ തലേന്നാളും മഴ ശക്തിയായി പെയ്യുക തന്നെ ആയിരുന്നു. ഒരിക്കലും കാണാത്ത രീതിയിലുള്ള മഴ. കാലവർഷത്തിന്റേതു മാത്രമല്ല, ന്യൂനമർദ്ദം കൂടിയുണ്ടെന്ന് കാലാവസ്ഥ നിരീക്ഷകർ പ്രസ്ഥാവിച്ചിട്ടുമുണ്ട്. കുട്ടനാട് വെള്ളത്തിലായിട്ട് ആഴ്ചകൾ പിന്നിട്ടിരിക്കുന്നു. അവന്റെ നഗരത്തിലും താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിൽ ആയിട്ടുണ്ട്, എല്ലാ വർഷത്തേതും പോലെ. കാലാവസ്ഥ നിരീക്ഷകരുടെ മുന്നറിയിപ്പ് അവനും അറിഞ്ഞതാണ്. അവന്റെ നഗരത്തിലൂടെയും ജീപ്പിൽ മൈക്ക് വച്ച് വിളിച്ചു പറഞ്ഞു നടന്നിരുന്നത് കണ്ടതുമാണ്.

താഴത്തെ നിലയിൽ അവർക്ക് രണ്ടു മുറികളുണ്ട്, അവനും ഭാര്യക്കും ഒന്ന്. രണ്ടു പെൺമക്കൾക്കും കൂടി വേറെ ഒന്നും..... മുകളിലത്തെ ഒരു മുറിയിൽ അച്ഛൻ തന്നെ കിടക്കും. മുകളിൽ ഒരു മുറി കൂടിയുണ്ട്, വീട് പണിതപ്പോൾ കഴിയുന്നത്ര സൗകര്യം ഇരിക്കട്ടെയെന്ന് വച്ച് പൂർത്തീകരിച്ചതാണ്. അവർ എല്ലാവരും കൂടി അച്ഛൻ കിടക്കുന്ന മുറിയിൽ തന്നെയാണ് അന്ന് കിടന്നത്. നിലത്ത് കിടക്ക വിരിച്ച്.

അവനും കണ്ടിട്ടുള്ളതാണ് പുഴ വന്ന് കുടിലിനെ ചുംബിക്കുന്നത്, ഒരു ദിവസം അല്ലെങ്കിൽ രണ്ടു ദിവസം കഴിഞ്ഞ് വന്ന വഴിയെ പോകുന്നതും. അന്ന് ഉച്ചയോടുകൂടി മുറ്റത്തെത്തിയതാണ്. ഇഞ്ചിഞ്ചായിട്ട് വളരുന്നതും അറിഞ്ഞിരുന്നു.

ഭാര്യയുടെ കരച്ചിൽ കേട്ട് ഉണർന്നപ്പോൾ കറന്റില്ല. ഉറങ്ങുമ്പോൾ നീലിച്ച ഡിം ലൈറ്റ് കത്തിച്ചിരുന്നതാണ്. വീട് കേറി പാർപ്പിനു കിട്ടിയ എമർജൻസി ലാമ്പ് അടുത്തെടുത്തുവക്കാൻ മറന്നു. മൊബൈൽ വെളിച്ചത്തിൽ കണ്ട കാഴ്ച അവനെ, ഭാര്യയെ, മക്കളെ ഞെട്ടിച്ചു കളഞ്ഞു. ഒരു പച്ചത്തവള, അതിനെ പിടിക്കാനായിട്ട് ഉന്നം പാർത്തിരിക്കുന്ന ഒരു നീർക്കോലി. പുറത്ത് ശക്തിയായ മഴ, കാറ്റ്..... വെള്ളം ഒഴുകുന്നതിന്റെ ശബ്ദം. മൊബൈൽ വെളിച്ചം കണ്ടിട്ടാകാം തവള തുറന്നു കിടന്നിരുന്ന കതക് വഴി പുറത്തേക്ക് ചാടി, നീർക്കോലിയും. അപ്സ്റ്റെയറിന്റെ മൂന്നു പടികൾക്ക് താഴത്ത് വെള്ളം എത്തി നിൽക്കുന്നു. തവളയും നീർക്കോലിയും എവിടേക്കോ പോയി...... ബാൽക്കണി തുറന്നപ്പോൾ ശക്തിയായി കാറ്റ് ഉള്ളിലേക്ക് പാഞ്ഞ് കയറുന്നു. അച്ഛൻ ഉണർന്ന്, അവർ ഇതേ വരെ കേൾക്കാത്ത ശബ്ദത്തിൽ എന്തെല്ലാമോ പറയുന്നു. ഇരുട്ടിൽ ആംഗ്യങ്ങൾ കാണാനായില്ല. പുറത്ത് നാട്ടു വെളിച്ചമുണ്ട്, ബാൽക്കണിയിലേക്ക് മഴ പെയ്തിറങ്ങുന്നുണ്ട്. ബാൽക്കണിക്ക് മൂന്നടി മാത്രം താഴെ വരെ വെള്ളം ഉയർന്നിരിക്കുന്നു. പറമ്പിൽ നില്ക്കുന്ന തെങ്ങുകളുടെ തലപ്പുകൾ മാത്രം കാണാം.... അടുത്ത പറമ്പുകളിലും തെങ്ങുകളുടെ, പ്ലാവുകളുടെ, മറ്റ് ഉയരമുള്ള മരങ്ങളുടെ തലപ്പുകൾ മാത്രം..... ശക്തിയായ ഇരമ്പൽ..... കിഴക്കു നിന്നു വരുന്ന വെള്ളം വീടിന്റെ ഭിത്തിയിൽ ഇടിച്ച് പതഞ്ഞ് പടിഞ്ഞാറോട്ട് ഒഴുകുന്നു. പുഴയെവിടെ...... പറമ്പെവിടെ......

മൊബൈലിൽ അഞ്ചൂറോളം നമ്പറുകൾ ഉണ്ട്, വിളിച്ചു..... വിളികൾ പോകുന്നില്ല... വിളികളെല്ലാം ആ പറമ്പിൽ തന്നെ തങ്ങി നിൽക്കുന്നതു പോലെ.... എവിടേക്ക് പോകാൻ... കിഴക്കോട്ട്, പടിഞ്ഞാറോട്ട്, വടക്കോട്ട്, തെക്കോട്ട്...... ഏതു വഴിയായിരിക്കും കരയിലെത്തുന്നത്......

ഭയന്ന്......ഭയന്ന്......

അച്ഛന്റെ കട്ടിലിൽ എല്ലാവരും കൂടി കെട്ടിപ്പിടിച്ച്.....

നേരം വെളുത്തു......

ഇരുളിമ മാറി.... നീലിമയായി.... മഴയുടെ നീലിമ.....

ആയിരം വട്ടമെങ്കിലും, വിളിച്ച് വിളിച്ചു മടുത്തപ്പോൾ കട്ടിലിലേക്ക് അലക്ഷ്യയമായി ട്ട മൊബൈലിൽ ആരോ....... ആരെന്ന് നോക്കിയില്ല....

നിങ്ങൾ എവിടെയാണ്.....

വീട്ടിൽ......

ഭയക്കരുത് ഞങ്ങൾ ഇപ്പോളെത്താം......

ആരാണെന്ന് പിന്നെയും നോക്കിയില്ല.

അടച്ച് വച്ചിരുന്ന ബാൽക്കണി തുറന്ന്, ചാരി, അവൻ പുറത്ത് നിന്നു. ഏതുവഴി വരും അവർ.... എവിടെ നിന്നു വരും....

വിശാലമായ ജലപ്പരപ്പ്......

ബാൽക്കണിയിൽ നിന്നവൻ നനഞ്ഞു.

അവടെ നിന്നു കണ്ടിരുന്ന അയലത്തെ വീടിന്റെ മേൽക്കൂരയുടെ ഓട്ടു മാത്രം ദൃശ്യമാകുന്നുണ്ട്..... അവിടെ പാർത്തിരുന്നവരെവിടെയാകാം...... അവന്റെ ബന്ധുക്കളാണ്, കുടികിടപ്പവകാശത്തിൽ കഴിയുന്നവർ തന്നെ..... വീട്ടിനുള്ളിൽ, അവർക്ക് കയറിക്കിടക്കാൻ മുകൾ നിലയില്ലാത്തതു കൊണ്ട് വെള്ളം തറയിൽ തൊട്ടപ്പോൾ തന്നെ അറിഞ്ഞ് രക്ഷപെട്ടിരിക്കുമോ.... രക്ഷപെട്ടിരിക്കണമേ.... അവൻ ആഗ്രഹിച്ചു.

പെട്ടന്ന് കടപുഴക്കി വരുന്ന ഒരു മരം ദൃശ്യമായി, അത് വന്നിടിച്ചത് ഓട്ടു വീട്ടിൽ, ഉയർന്ന് നിന്നിരുന്ന മുഖപ്പ് കാണാതായി.....

തലയെടുപ്പുള്ള മരങ്ങൾക്കിയടിൽ ഇലക്ട്രിക്ക് പോസ്റ്റുകാണാനുണ്ട്......

ഒരു വഞ്ചി വരുന്നുണ്ട്... ശക്തിയായ ഒഴുക്കിൽ അവർക്ക് തുഴയാനാകുന്നില്ല... ഇലക്ട്രിക്ക് കമ്പിയിൽ പിടിച്ച് ദിശ നിയന്ത്രിച്ചാണ് വരുന്നത്.....

കണ്ടിട്ടു കൂടിയില്ലാത്ത രണ്ടു പേർ.....

ബാൽക്കണിയുടെ സ്റ്റെയറിൽ പിടിച്ച് ഒരാൾ കയറി, മറ്റേ ആൾ വഞ്ചിയെ ചേർത്തു നിർത്തി......

ആദ്യം പോകാൻ അച്ഛൻ സമ്മതിച്ചില്ല.  അവന്റെ ഭാര്യ, മക്കൾ  വഞ്ചിയിൽ കയറി......

ഒരു മണിക്കൂർ കഴിഞ്ഞാണ് വഞ്ചിക്കാർക്ക് വീണ്ടും വരാൻ കഴിഞ്ഞത്.....

ബാൽക്കണിയിലൂടെ, അച്ഛനെ കൂച്ചിക്കൂട്ടിയെടുത്ത് വഞ്ചിയിലെ വെള്ളത്തിൽ കിടത്താൻ അവൻ പാടുപെട്ടു. മഴ അച്ഛനെ നനച്ചപ്പോൾ ആമുഖത്ത് പുഞ്ചിരി....മഴയും വെള്ളവും അച്ഛനെ ഭയപ്പെടുത്തുന്നില്ലെന്ന് വ്യക്തം.

ക്യാമ്പിൽ അച്ഛനെ കിടത്താൻ കഴിഞ്ഞില്ല, അച്ഛന് അതുമതിയെന്ന് പറഞ്ഞിട്ടും. സർക്കാൻ ആശുപത്രിയിലെ വരാന്തയിൽ കിടത്തി.... അച്ഛൻ അവിടെയും സന്തോഷവാനായി......

ക്യാമ്പിൽ പിരചയമില്ലാത്തവർ, അറയില്ലാത്തവർ.... നിറമില്ലാത്തവർ, സുഗന്ധമില്ലാത്തവർ.... മഴ നനഞ്ഞ് കുതിർന്ന വസ്ത്രങ്ങളിൽ, കഴുകി വൃത്തി വരുത്താത്ത ദേഹങ്ങളുമായിട്ട്..... ഒന്നും ചിന്തിക്കാതെ, സ്വപ്നം കാണാതെ..... മോഹങ്ങളില്ലാതെ....വികാരങ്ങളില്ലാതെ..... പ്രത്യേകിച്ച് ഒരു ജോലിയും ചെയ്യാതെ...പത്രം വായിക്കാതെ, ടിവി കാണാതെ, മൊബൈലിൽ സംസാരിക്കാതെ....ചാറ്റ് ചെയ്യാതെ..... കഥയറിയാതെ.... കഥ പറയാതെ.... കവിത ചൊല്ലാതെ.... കഥയെഴുതാതെ..... കവിതയെഴുതാതെ.... ആരെയും ഭള്ളു പറയാതെ....

അവന്റെ ക്യാമ്പിൽ ഭക്ഷണം സുഭിക്ഷമായിരുന്നു. ആരെല്ലാമോ കൊണ്ടു വരുന്നു, കഴിക്കുന്നു, നീഹാരങ്ങൾ സംയമപനം പാലിച്ച് ക്യൂ നിന്നും നിർവ്വഹിക്കുന്നു.....

ക്യാമ്പിൽ നിന്നു സർക്കാർ ആശുപത്രിയിലേക്കുള്ള വഴിക്ക് വെള്ളം കയറാത്തതു കൊണ്ട്, പകലെല്ലാം അച്ഛനെ നോക്കിയും, രാത്രിയിൽ, അച്ഛൻ സമ്മതിക്കാത്തതു കൊണ്ട് ക്യാമ്പിൽ മക്കളോടൊത്ത് ഉറങ്ങിയും അവൻ.....

ഏഴു നാളുകൾ......

തിരികെ എത്തുമ്പോൾ എല്ലാം അടങ്ങിയിരുന്നു. പുഴയൊരു നീർച്ചാലു പോലെ, ഓർമ്മകളില്ലാതെ, നിർവ്വികാരയായിട്ട്...... പറമ്പിൽ ഒരട്ടി എക്കൽ അടിഞ്ഞിരിക്കുന്നു. പുരക്കുള്ളിൽ അതിൽ കൂടുതൽ കനത്തിൽ ചെളിയും, ദുർഗന്ധവും. പുരക്കുള്ളിലെ എക്കൽ കോരിയകറ്റാൻ കഴിയുന്നുണ്ട്. പക്ഷെ, പറമ്പിലെ എക്കൽ ചൂടടിച്ചപ്പോൾ വിണ്ടു കീറി, തുമ്പ കേറാത്ത വിധം കനത്ത്..... പറമ്പിൽ തെങ്ങുകളും മാവും പ്ലാവും ഒഴിച്ച് ഒന്നും അവശേഷിക്കാതെ.....

ഓണത്തിന് ഇലയിൽ ഊണ് വിളമ്പാൻ അച്ഛൻ മുറിക്കണമെന്ന് പറഞ്ഞ വാഴയും, ചേനയും കപ്പയും നിന്നിരുന്നിടത്ത് കറുത്ത നിറമുള്ള മണ്ണ് മാത്രം. എല്ലാം എവിടേക്കെല്ലാമോ ഒഴുകിപ്പോയിരിക്കുന്നു. ഏതെല്ലാമോ വീടുകളിൽ സൂക്ഷിച്ചിരുന്ന എന്തെല്ലാമോ ഒഴുകിയെത്തിയിട്ടുമുണ്ട്. മനുഷ്യരുടേതല്ലാത്ത ദേഹങ്ങൾ ചീഞ്ഞ നാറ്റങ്ങളുമുണ്ട്.......

വെള്ള തേച്ചിരുന്ന ഭിത്തിയിൽ പ്രളയത്തിന്റെ തിരുശേഷിപ്പ് വ്യക്തമായികാണാം... കാണാനെത്തിയവർ പറഞ്ഞു 99-ലെ വെള്ളപ്പൊക്കം ഇതിലും വലുതായിരുന്നെന്ന്. എവിടെയെല്ലാമോ മനകളിൽ അത് രേഖപ്പെടുത്തിയിരിക്കുന്നത് ചരിത്രമാണെന്ന്. പക്ഷെ, അച്ഛന് 99-ലെ വെള്ളപ്പൊക്കത്തിന്റെ അനുഭവമില്ല......അച്ഛന്റെ അച്ഛൻ പറഞ്ഞ അറിവ് വച്ച് നോക്കുമ്പോൾ അത് തന്നെ ആയിരുന്നു വലുത്. സ്ഥിരീകരിക്കാമെന്ന് അവൻ സംസാരത്തിൽ പങ്കുകൊണ്ട് പറഞ്ഞു.

വീട് വൃത്തിയാക്കി ഉത്രാടത്തിന്റെ അന്ന് അച്ഛനെ വീട്ടിലേക്ക് കൊണ്ടു വന്നു. അച്ഛന്റെ കട്ടിലും കിടക്കയും വിരിയും ഉടുപ്പുകളും ഒഴിച്ച് ഒന്നും ശേഷിച്ചിട്ടില്ല. അച്ഛന്റെ മുറിയിൽ തന്നെ എത്തിയപ്പോൾ ആഗ്രഹം വീണ്ടും പറഞ്ഞു നാളെ ഓണമാണ്, സദ്യവേണം....

ഇനിയെല്ലാം ഒന്നെയെന്ന് തുടങ്ങണം.... തുടങ്ങാൻ കഴിയും.... ഒരു സർക്കാർ ജോലി കൂട്ടിനുള്ളപ്പോൾ വിഷമിക്കേണ്ടി വരില്ലെന്നറിയാം..... പക്ഷെ, സ്ഥിര വരുമാനമില്ലാത്തവരെ കുറിച്ച് അവൻ, ഭാര്യ, മക്കൾ പറഞ്ഞു, ചിന്തിച്ചു..... എങ്കിലും അച്ഛൻ ആവശ്യപ്പെട്ടത് ആദ്യം കഴിയട്ടെ..... പാത്രങ്ങളില്ല.... ഗ്യാസു കുറ്റി ഉപയോഗിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല..... പിന്നാമ്പുറത്ത് തണ്ടികയിൽ കരുതി വച്ചിരുന്ന വിറക് കാണാനില്ല.... അടുപ്പിൽ ചെളി വന്ന് മൂടിയിരിക്കുന്നു. താഴത്തെ നിലയിലുണ്ടായിരുന്ന ഒന്നും യഥാസ്ഥാനങ്ങളിൽ കാണാനില്ല..... ടി വി നിലത്ത് വീണ് തകർന്ന്.... ഫ്രിഡ്ജ്, വാഷിംഗ് മെഷിൻ ചെളിയുടെ നിറത്തിൽ...... കട്ടിൽ, ഡൈനിംഗ് ടേബിൾ, കിടക്കകൾ തലയിണകൾ വെള്ളത്താൽ ചീർത്ത്..... അടഞ്ഞു കിടക്കുന്ന അലമാരകളിൽ വസ്ത്രങ്ങൾ വൃത്തി കെട്ട മണവുമായിട്ട്..... പുസ്തകങ്ങൾ, ബുക്കുകൾ എഴുത്തുകളില്ലാതെ അടകളായിട്ട്.......

എല്ലാം പുറത്തെടുത്തിട്ട് വീടിനുള്ള് ശൂന്യമാക്കി.....

ക്യാമ്പിൽ നിന്ന് കിട്ടിയതുകൾ വേണ്ടിടത്തൊക്കെ അടുക്കി വച്ചു. ഇനിയും പലതും വേണം, അച്ഛൻ പറഞ്ഞത് പൂർത്തിയാക്കൻ.....

ഉപ്പു മുതൽ കർപ്പൂരം വരെ......

വിറക് മുതൽ വാഴയില വരെ.....

പറ്റുപടി ഉണ്ടായിരുന്ന കടയിലെത്തിയപ്പോൾ, ഒരു ജീവിത കാലം കൊണ്ട് ഉണ്ടാക്കിയെടുത്തല്ലാം, ഉപജീവനമാർഗ്ഗവും വെള്ളം കയറി ചീഞ്ഞും പൂപ്പൽ കയറി നശിച്ചു കിടക്കുന്നു. അരുകിൽ താടിക്ക് കൈകൊടുത്തിരിക്കുന്നു കടക്കാരൻ.....ദുരിതങ്ങളും ദുഃഖങ്ങളും പറയുന്ന മറ്റു പലരും......

വരുത്തി വച്ച ദുരന്തമെന്ന്...... മുന്നറിയിപ്പെന്ന്.... പാഠമെന്ന്..... ദൈവപുസ്തകങ്ങളിൽ പറഞ്ഞു വച്ചരിക്കുന്നതു തന്നെയെന്ന്...... പ്രകൃതി ദുരന്തമെന്ന്, വ്യതിയാനമെന്ന്......സർക്കാരിന്റെ പരാജയമെന്ന്..... ഭരണകർത്താവിന്റെ വിശ്വാസമില്ലായ്മയുടെ പരിണത ഫലമെന്ന്..... സർക്കാർ ജനത്തിനു കൊടുത്ത മുന്നറിയിപ്പ് തൃപ്തികരമല്ലെന്ന്..... എടുക്കേണ്ടിയിരുന്ന മുന്നൊരുക്കങ്ങൾ വേണ്ടതു പോലെ നിർവ്വഹിച്ചില്ലെന്ന്...... അസമയത്ത് പലതും ചെയ്തെന്ന്...... പലതും കണക്കിലെടുത്തില്ലെന്ന്.... സഹായങ്ങൾ ചെയ്യരുതെന്ന്, ചെയ്യണമെന്ന്..... അയലത്തെ സഹായം സ്വീകരിക്കരുതെന്ന്, സ്വീകരിക്കാമെന്ന്..... ഇരന്നു വാങ്ങുന്നതാണ് ചട്ടവിരുദ്ധമെന്ന്..... ആർഷ സംസ്കാരം പറയുന്നത് സഹായം സ്വീകരിക്കനല്ല കൊടുക്കാനാണെന്ന്, അല്ലെന്ന്........വാദങ്ങൾ, പ്രതി വാദങ്ങൾ.....വാദഗതികൾ, വിഗതികൾ..........ചേരിതിരിവുകൾ..... രാഷ്ടീയ കണക്കെടുപ്പുകൾ.... ജാതി, മത കണക്കെടുപ്പുകൾ..... കണക്കുകൂട്ടലുകൾ.......

അവനിൽ അറപ്പും വെറുപ്പുമുണ്ടാക്കി.....

അവന് വേണ്ടതു തേടി അടുത്തയിടത്തേക്ക് പോയി......

സന്ധ്യയോടെ എല്ലാം നേടാൻ കഴിഞ്ഞു.....

ഇനിയെല്ലാം വെളുപ്പിന്നെഴുന്നേറ്റ്......

അച്ഛന്റെ മുറിയിൽ തന്നെ നിലത്ത് വിരിച്ച് അവരും ഉറങ്ങി.

എല്ലാം മറന്ന് ശക്തമായ ഉറക്കമായിരുന്നു......

ബാൽക്കണി തുറന്ന് പ്രകാശത്തെ വരുത്തി, അടഞ്ഞു കിടന്ന് ആവിച്ച വായുവിനെ അകറ്റി. അച്ഛനെ ഉണർത്താൻ വിളിച്ചപ്പോൾ......

വന്നു കൂടിയതിൽ പലരും പറഞ്ഞു അച്ഛൻ ഭാഗ്യം ചെയ്തവനാണെന്ന്, വീട്ടിൽ കിടന്ന് മരിയ്ക്കാൻ കഴിഞ്ഞല്ലോ, കാരണവന്മാരുടെ കൂടെ കിടക്കാൻ പറ്റുമല്ലോ.....

@@@@@